വകുപ്പെന്ന്, ആ വകുപ്പ് അങ്ങ് വായിച്ചാൽ മനസ്സിലാകും. അദ്ദേഹം സംസ്കൃത പണ്ഡിതനേയല്ല, ഡെഫനിററായിട്ട് ശാരദാപീഠത്തിലെ മഠാധിപതിയെയാണ് നിയമിക്കുന്നത്. നാളെ ആർ.എസ്.എസിന്റെ ഒരു പ്രമാണിയാരെങ്കിലും ശാരദാപീഠത്തിലെ മഠാധിപതിയായാൽ അദ്ദേഹം യൂണിവേഴ്സിററിയുടെ കൗൺസെലറാകും. അപ്പോൾ ഞാൻ പറയുന്നത് അത്തരമൊരു വകുപ്പ് കൊണ്ടുവന്ന്, ഈ സ്ഥിതി സൃഷ്ടിക്കുന്നത് ശരിയല്ല. അത് ഭരണഘടനാ വിരുദ്ധമാണ്. നമ്മുടെ രാജ്യത്തിന് അപകടകരമാണ്. നമ്മുടെ മൗലിക അവകാശങ്ങളെ ചോദ്യം ചെയ്യുന്നതാണ് എന്നുള്ളതുകൊണ്ട് പരിഗണനയ്ക്കെടുക്കുന്നതിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. നാലകത്ത് സൂപ്പി: സർ, ഈ ബില്ലിലെ ക്ലാസ് 32-ൽ റിസർവേഷൻ ഓഫ് അപ്പോയിൻറുമെൻറ്സിനെക്കുറിച്ച് ക്ലിയറായി പറഞ്ഞിട്ടുണ്ട്. ഞാൻ ക്ലാസ് 31-ലാണ് അമെൻറുമെൻറ് കൊടുത്തിട്ടുള്ളത്. ക്ലാസ് 31-ൽ പറഞ്ഞിട്ടുള്ളത് സ്ററാററ്യൂട്ട് ഉണ്ടാക്കുന്നതിന് മുമ്പ് നടത്തുന്ന നിയമനങ്ങളിൽ റിസർവേഷൻ പാലിക്കണമെന്നുള്ളതാണ്. സ്ററാററ്യൂട്ട് വന്നതിനു ശേഷം അതു സംബന്ധിച്ചിടത്തോളം സെലക്ഷൻ കമ്മിററിയുണ്ട്. ആ കമ്മിററിയിൽ റിസർവേഷൻ തത്വമനുസരിച്ചാണ് നിയമനം നടത്തേണ്ടത് അത് കൊച്ചിൻ യൂണിവേഴ്സിററിയിലുള്ളതുപോലെയാണ്. ഒരു അമെൻറുമെൻറ് കൊടുത്തുവെന്നുമാത്രമേയുള്ളു, കോൺട്രാഡിക്ഷൻ ഇല്ല. അതുപോലെതന്നെ മറെറാരു കാര്യം ഇവിടെ ശൃംഗേരി മഠാധിപതിയെ കുറിച്ച് പറഞ്ഞു. ഒരു ക്ലാരിഫിക്കേഷൻ സ്പെസിഫൈ ചെയ്യുന്നത് നന്നായിരിക്കുമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ശങ്കരാചാര്യ ഒരു മതത്തിന്റെമാത്രം പ്രചാരകനല്ല. ശൃംഗേരി മഠത്തെ സംബന്ധിച്ചിടത്തോളം ഈ യൂണിവേഴ്സിററി ആരംഭിക്കുന്നതിനുമുമ്പ് അവർ മുൻകൈ എടുക്കുകയും അവരുടെ പങ്ക് വഹിക്കുകയും ചെയ്തതുകൊണ്ട് ഒരു വലിയ സംസ്കൃത പണ്ഡിതനെന്നുള്ള നിലയിൽ ശൃംഗേരി മഠാധിപതിയെ ഇതിന്റെ ചീഫ് കൗൺസിലറായി ബില്ലിൽ വ്യവസ്ഥ ചെയ്തുവെന്നേയുള്ളു. ശൃംഗേരി മഠം ആദിശങ്കരന്റെ കാൽപ്പാടുകൾ തുടരുന്ന ഒരു സ്ഥാപനമാണ് എന്നുള്ള നിലയിൽ ആർ.എസ്.എസ്സുകാരന്റെ കേന്ദ്രമായി മാറാൻ സാധിക്കുകയില്ല. അതുകൊണ്ട് മതേതരത്വ സ്വഭാവത്തെ നിഷേധിക്കുന്ന ഒന്നും തന്നെ ഇതിൽ ഇല്ലെന്നുമാത്രമല്ല, ഏതെങ്കിലും ഒരു ഓഫീസർ ആ വ്യവസ്ഥയനുസരിച്ച് വരാൻ പാടില്ല. ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ വ്യത്യാസമില്ലാതെ, എല്ലാവരേയും എല്ലാത്തിനേയും ഉൾക്കൊള്ളുന്ന ശ്രീശങ്കരന്റെ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്ന മഠത്തിന്റെ അധിപതിക്ക് അതിന് സാദ്ധ്യമല്ല. ഇന്നത്തെ മഠാധിപതി ഒരു സ്കോളറാണ്., വളരെ സെക്കുലറാണ്. എല്ലാവരും അംഗീകരിച്ചിട്ടുള്ള ആളാണ്. ഏതെങ്കിലും ഒരു കാലത്ത് മാററം വരികയാണെങ്കിൽ അന്ന് നമുക്ക് ആലോചിച്ച് ആവശ്യമായ ഭേദഗതി കൊണ്ടുവരാം. ഇന്ന് ഇത് സ്വീകരിക്കുന്നതിന് ഒരു തടസ്സവും ഞാൻ കാണുന്നില്ല.

## VII. സ്പീക്കറുടെ റൂളിംഗ്

മി. സ്പീക്കർ: 32-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പിൽ അദ്ധ്യാപകർക്ക് റിസർവേഷൻ ഏർപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. അത് കേരളാ സ്റേററ് ആൻറ് സബോർഡിനേററ് സർവ്വീസ് റൂൾസിൽ പറയുന്ന പ്രകാരമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അദ്ധ്യാപകരെ, സംബന്ധിക്കുന്നിടത്തോളം സ്ററാററ്യൂട്ടിൽ പറയുന്ന പ്രകാരം ഉള്ള റിസർവേഷൻ നൽകണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇപ്രകാരം അദ്ധ്യാപകരുടെ കാര്യത്തിൽ റിസർവേഷൻ നിഷേധിക്കുന്നില്ല. സ്ററാററ്യൂട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കണമെന്ന് മാത്രമേയുള്ളു. ഇപ്പോൾ ഏതാനും അദ്ധ്യാപകരെ മാത്രം നിയമിച്ചാൽ മതി. അദ്ധ്യാപക നിയമനം ആകുമ്പോഴേക്കും സ്റ്റാററ്യൂട്ടും പുറപ്പെടുവിച്ചുകഴിയും. ആ നിലയിൽ അദ്ധ്യാപക നിയമനത്തെ സംബന്ധിക്കുന്നിടത്തോളം റിസർവേഷൻ നിഷേധിക്കപ്പെടുന്നില്ല എന്നുള്ളതുകൊണ്ട് ശ്രീ. വി. ജെ. തങ്കപ്പന്റെ തടസ്സവാദം സ്വീകരിക്കുന്നില്ല.

ശൃംഗേരി ശാരദാപീഠത്തിലെ ശങ്കരാചാര്യരെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ മുഖ്യ ഉപദേശകനായിരിക്കും എന്ന വ്യവസ്ഥ ഭരണഘടനയുടെ സ്പിരിററിനും അതിന്റെ പ്രീയാമ്പിളിനും 13, 14, 15, 16, എന്നീ അനുഛേദങ്ങൾക്കും എതിരാണെന്നാണ് ശ്രീ. സി. കെ. ചന്ദ്രപ്പനും, ശ്രീ. വി. ജെ. തങ്കപ്പനും ഉന്നയിക്കുന്ന തടസ്സവാദം.

പ്രസക്ത ബില്ലിന്റെ 6-ാം വകുപ്പിൽ സർവ്വകലാശാലയിൽ എല്ലാ പേർക്കും പ്രവേശനമുണ്ടായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർവ്വകലാശാലയിലേക്കുള്ള പ്രവേശനമോ ഉദ്യോഗ നിയമനമോ മതത്തിന്റെ അടിസ്ഥാനത്തിൽ നടത്തുമെന്നോ ഏതെങ്കിലും മതവിശ്വാസികളെ ഇതിൽ നിന്നും ഒഴിച്ചു നിർത്തുമെന്നോ ബില്ലിൽ വിവക്ഷിച്ചിട്ടില്ല. സെക്കുലറിസത്തിന് എതിരാകുന്ന വിധത്തിൽ ഏതെങ്കിലും മതത്തെ അഭിവൃദ്ധിപ്പെടുത്തുന്നതോ സഹായിക്കുന്നതോ ആയ വ്യവസ്ഥകളൊന്നും തന്നെ ബില്ലിലില്ല. ഏതെങ്കിലും മതത്തോട് പക്ഷപാതപരമായി പെരുമാറുമെന്ന സൂചനയും ബിൽ നൽകുന്നില്ല. മതവിശ്വാസത്തേയോ മതാചരണത്തേയോ മതപ്രചരണത്തേയോ നിഹനിക്കുന്നതൊന്നും തന്നെ ബില്ലിലുണ്ടെന്ന് ചൂണ്ടിക്കാണിക്കുവാൻ ശ്രീ. ചന്ദ്രപ്പനും ശ്രീ തങ്കപ്പനും കഴിഞ്ഞിട്ടില്ല. മതത്തിന്റെ സ്വതന്ത്രമായ അനുഷ്ഠാനങ്ങളേയും ഈ ബിൽ തടയുന്നില്ല. ഇപ്രകാരം സെക്കുലറിസത്തിന്റെ കാതലായ പ്രമാണങ്ങളേയോ ഭരണഘടനയുടെ ഇതര വ്യവസ്ഥകളേയോ ഈ ബിൽ ലംഘിക്കുന്നില്ല. നമ്മുടെ ബില്ലിൽ ശൃംഗേരി ശങ്കരാചാര്യർക്ക് ഒരുപദേശകന്റെ സ്ഥാനം മാത്രമേ നൽകിയിട്ടുള്ളു. അതുകൊണ്ട് ഈ തടസ്സവാദങ്ങൾ നിലനിൽക്കുന്നില്ല.

ശ്രീ.വിജയകുമാർ, ഡിസന്റ് പ്ലീസ്. ഇന്ന് നമുക്ക് ഈ ഡിസന്റു കഴിഞ്ഞ് ക്ലാസ് ബൈ ക്ലാസ് എടുത്ത് ഇന്ന് ബിൽ നിയമമാക്കാനുള്ളതാണ്. എല്ലാവരും സഹകരിക്കണം.

ശ്രീ. എം. വിജയകുമാർ: 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ ബില്ലിനെ സംബന്ധിച്ച് ഞാൻ ഇവിടെ ..........

ശ്രീ. ഉമ്മൻചാണ്ടി: സർ, ഇതിന്റെ ജോയിന്റ് ഡിസ്കഷന് സമയമെന്തെങ്കിലും ഫിക്സ് ചെയ്തിട്ടുണ്ടോ?

മി. സ്പീക്കർ: ഒന്നും തീരുമാനിച്ചിട്ടില്ല. ഇന്നത്തെ ദിവസംകൊണ്ട് തീർക്കണമെന്നാണ് ബിസിനസ് അഡൈ്വസറി കമ്മിററി തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. ഉമ്മൻചാണ്ടി: അങ്ങനെയെങ്കിൽ ജനറൽ ഡിസ്കഷന് സമയം നിശ്ചയിച്ചാൽ നന്നായിരിക്കും.

മി. സ്പീക്കർ: ശ്രീ. എം. വിജയകുമാർ, ശ്രീ. കെ.പി. മമ്മുമാസ്റ്റർ, ശ്രീമതി. എൻ. കെ. രാധ, പ്രൊഫസർ മീനാക്ഷി തമ്പാൻ, നാലുപേരാണ് ഡിസന്റിൽ സംസാരിക്കാനുള്ളത്. എത്ര സമയം വേണമെന്നുള്ളതാ. 10 മിനിററ് വീതം വെച്ചാൽ മതി.

ശ്രീ. എം. വിജയകുമാർ: 10 മിനിററിൽ തീരില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ജനറൽ ഡിസ്ക്കഷൻ കഴിഞ്ഞ് ക്ലാസ് ബൈ ക്ലാസ് എടുത്ത് തീർക്കാനുള്ളതാണ്. എല്ലാവരും സഹകരിക്കണം.

ശ്രീ. എം. വിജയകുമാർ: ഇതിന്റെ ഒന്നാം വായനയിൽ ഒന്നും സംസാരിക്കാൻ പററിയില്ല.

മി. സ്പീക്കർ: പ്രത്യേകിച്ച് ആരുടെയും കുററം കൊണ്ടല്ല. സാഹചര്യം കൊണ്ട് അങ്ങനെ വന്നുപോയതല്ലേ?

ശ്രീ. എം. വിജയകുമാർ: ഇത് സംസാരിക്കേണ്ടതല്ലേ? ആകെ ഇവിടെ രണ്ടു മൂന്നു ഒബ്ജക്ഷൻസ് മാത്രമാണ് കൊണ്ടുവന്നത്.

മി. സ്പീക്കർ: ഒരു മണിക്കൂർ എന്ന് തീരുമാനിക്കാം. 12 മണിക്ക് ജനറൽ ഡിസ്കഷൻ അവസാനിപ്പിച്ച് ക്ലാസ് ബൈ ക്ലാസ് എടുക്കാം.

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, എനിക്ക് ഒരു മണിക്കൂർ വേണം. ജനറൽ ഡിസ്കഷനിൽ എന്റെ പേരും പരിഗണിക്കാനുണ്ട്. മൂന്നാമത്തേതാണ്.

മി. സ്പീക്കർ: ഒരു മണിക്കൂർകൊണ്ട് അവസാനിപ്പിക്കാം. നമുക്ക് 12 മണിക്ക് ക്ലാസ് ബൈ ക്ലാസ് എടുക്കാം................

ശ്രീ. വിജയകുമാർ: പ്ലീസ്, പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രം പറഞ്ഞാൽ മതി.

ശ്രീ. എം. വിജയകുമാർ: പ്രധാനപ്പെട്ട കാര്യങ്ങൾ പറഞ്ഞാൽ തീരില്ല. ഒരു മണിക്കൂറല്ല മൂന്നു മണിക്കൂർ പറഞ്ഞാലും തീരില്ല.

മി. സ്പീക്കർ: തീർക്കാതൊക്കില്ല. ബിസിനസ് അഡ്വൈസറി കമ്മിററിയുടെ തീരുമാനപ്രകാരം ഈ ബിൽ ഇന്നെടുത്തേ മതിയാകൂ.

ശ്രീ. എം. എം. ഹസ്സൻ: ഡിസൻറിങ് നോട്ട് കഴിഞ്ഞാൽ എല്ലാ മെമ്പർമാരും ക്ലാസ് ബൈ ക്ലാസിൽ ഓരോ വകുപ്പിനും ഭേദഗതി നിർദ്ദേശിച്ചിട്ടുണ്ട്, അപ്പുറത്തുനിന്നും ഡിസൻറിങ് നോട്ട് എഴുതിയ ആളും ഇപ്പുറത്തുനിന്ന് ആരെങ്കിലും ഒരാളും സംസാരിച്ചുകഴിഞ്ഞാൽ ഈ ജനറൽ ഡിസ്കഷൻ ക്ലോസ് ചെയ്തിട്ട് ക്ലാസ് ബൈ ക്ലാസിലേക്ക് കടക്കാം. ഈ ജനറൽ ഡിസ്കഷനിൽ പറയാൻ പോകുന്ന കാര്യങ്ങൾതന്നെ ശ്രീ. വിജയകുമാർ അടക്കം എല്ലാവരും ക്ലാസ് ബൈ ക്ലാസിൽ അമെൻറുമെൻറ് കൊടുത്തിട്ടുണ്ട്. അപ്പുറത്തും ഇപ്പുറത്തും സഹകരിച്ച് ഒരു സമീപനം സ്വീകരിക്കണം.

മി. സ്പീക്കർ: അതുകൊണ്ട് ചുരുക്കിപറയണം ഒരു മണിക്കൂർകൊണ്ട് മററുള്ളവരുടെ അവകാശം ഇല്ലായ്മ ചെയ്യരുത്.

ശ്രീ. എം. വിജയകുമാർ: സർ, അവകാശമാണ്. ഇപ്പോൾ നമുക്ക് കിട്ടുന്ന അവകാശം മററുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കരുതല്ലോ. അവകാശം എല്ലാവർക്കുമുണ്ട്, മററുള്ളവരുടെ അവകാശം നിഷേധിക്കപ്പെടരുതല്ലോ.

മി. സ്പീക്കർ: ശ്രീ. വിജയകുമാർ............പ്ലീസ്.

ശ്രീ. എം. വിജയകുമാർ: ബില്ലിന്റെ പരിധിക്കുള്ളിൽ നിന്നുമാത്രമേ സംസാരിക്കുന്നുള്ളൂ. അത്യാവശ്യമുള്ള കാര്യങ്ങൾ മാത്രമേ പറയുന്നുള്ളൂ. അത് പറയാൻ അവകാശമുണ്ട്. ഞങ്ങൾക്കതു പറയാതിരിക്കാൻ പററുകയില്ല.

മി. സ്പീക്കർ: ജനറൽ ഡിസ്കഷൻ ഒരു മണിക്കൂർ ആണ്. അങ്ങ് 15 മിനിററ് കൊണ്ട് അവസാനിപ്പിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ: സർ, പ്രധാനപ്പെട്ട പ്രശ്നം കൂടുതൽ സങ്കീർണ്ണമായിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട നിയമമന്ത്രിയുടെയും അഭിപ്രായങ്ങൾ കേട്ടപ്പോൾ കൂടുതൽ സങ്കീർണ്ണമായിരിക്കുകയാണ്................ഈ ബില്ലിനെ സംബന്ധിച്ച് വിയോജനക്കുറിപ്പ് ഞങ്ങൾ എഴുതി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ചേർത്തിട്ടുണ്ട്. ഇത് പറയുമ്പോൾ ഇവിടെ ഇക്കാര്യത്തിൽ കൂടുതൽ ആശയക്കുഴപ്പം ഉണ്ടായിരിക്കുകയാണ്. ഈ ബില്ലിനെ സംബന്ധിച്ച ചില ഒബ്ജക്ഷൻസ് ഇവിടെ ഉണ്ട്. ശ്രീ. വി. ജെ. തങ്കപ്പൻ, ശ്രീ. സി. കെ. ചന്ദ്രപ്പൻ തുടങ്ങിയ ബഹുമാനപ്പെട്ട മെമ്പർമാർ ഉന്നയിച്ചതാണ്. അങ്ങനെ ഉന്നയിച്ചപ്പോൾ ആദ്യം ശ്രീ. മാണിസാർ പറഞ്ഞതെന്താ? സ്കോളറിനെ സംബന്ധിച്ച സംശയങ്ങൾ ചൂണ്ടിക്കാണിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, ''സംശയിക്കേണ്ട കാര്യമില്ല കാരണം ശൃംഗേരി മഠാധിപതി എന്നു പറയുന്നത് സ്കോളർ ആണ്. ആയതുകൊണ്ട് പ്രശ്നം ഇല്ല'' എന്നാണ്. മുഖ്യമന്ത്രി എന്താ പറഞ്ഞത്? അദ്ദേഹം സ്കോളർ ആയതുകൊണ്ട് മാത്രമല്ല, അദ്ദേഹം ഇപ്പോൾ ആർ. എസ്. എസ്. അല്ലാത്തതുകൊണ്ട് ഞങ്ങൾ അംഗീകരിക്കുന്നുവെന്നാണ് വളരെ വിചിത്രമായിരിക്കുന്നു. അങ്ങ് ശ്രദ്ധിക്കണം. നിയമമന്ത്രി പറയുന്നത് അങ്ങേര് സ്കോളർ ആയതുകൊണ്ട് അംഗീകരിക്കണം. മുഖ്യമന്ത്രി പറഞ്ഞപ്പോൾ കള്ളി പുറത്തായി, ഇല്ലേ? സൃഷ്ടികർത്താവ് ആരാണെന്ന്, ഉള്ളിലിരുപ്പ് എന്താണെന്ന് മനസ്സിലായി. മുഖ്യമന്ത്രി പറഞ്ഞത് സ്കോളർ ആയതുകൊണ്ട് മാത്രമല്ല, അദ്ദേഹം ഇപ്പോൾ ആർ. എസ്. എസ്. അല്ലാത്തതുകൊണ്ട് വയ്ക്കുന്നു, ആർ. എസ്. എസ്. ആകുമ്പോൾ ആലോചിക്കാം എന്നാണ്.

ശ്രീ. വി.ജെ. തങ്കപ്പൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ആർ. എസ്. എസ്സുമായും ആർ. എസ്. എസ്സിനെ മുഖ്യമന്ത്രിയുമായും ബന്ധിപ്പിക്കുന്ന കണ്ണിയാണ് ശൃംഗേരി മഠാധിപതി എന്നകാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. എം. വിജയകുമാർ: അതുകൊണ്ടാണല്ലോ പറഞ്ഞത്.........

ശ്രീ. ടി. ശിവദാസമേനോൻ: ശൃംഗേരി മഠാധിപതി ഈ ബാബറി മസ്ജിദ് രാമജന്മഭൂമി പ്രശ്നത്തിൽ വി. എച്ച്. പി., ആർ. എസ്. എസ്., ബജ്റംഗ്ദൾ കമ്പൈൻസിന്റെ കൂടെ പൂർണ്ണമായി ഐഡന്റിഫൈ ചെയ്ത ആളാണെന്ന് അറിയാമോ?

ശ്രീ. എം. വിജയകുമാർ: അതു പകൽവെളിച്ചം പോലെ വ്യക്തമായ കാര്യമാണ്. അദ്ദേഹത്തെ തിരിച്ചു വിളിക്കാൻ വേണ്ടിയുള്ള ശ്രമമാണ് എന്നാണ് മുഖ്യമന്ത്രിയുടെ സംസാരത്തിൽനിന്ന് ഒരിക്കൽ തോന്നിയത്. ''ഇപ്പോൾ ആർ. എസ്. എസ്. അല്ലാത്തതുകൊണ്ട് വയ്ക്കുന്നു. ആർ. എസ്. എസ്. പൂർണ്ണമായി ആകുമ്പോൾ നമുക്ക് മാററിക്കൂടെ?'' ഇപ്പോൾ മനസ്സിലായില്ലേ എന്താണ് ശൃംഗേരി മഠാധിപതി എന്ന്. വളരെ വ്യക്തമാണ്.

മി. സ്പീക്കർ: അങ്ങ് തുടക്കം മുതൽതന്നെ ഇങ്ങനെ ചോദ്യത്തിൽ പോയാൽ എങ്ങനെയാണ്? ശ്രീ. എം. വിജയകുമാർ, ശ്രീ. കെ. പി. മമ്മു മാസ്ററർ, ശ്രീമതി എൻ. കെ. രാധ എന്നീ മൂന്നംഗങ്ങളാണ് വിയോജനക്കുറിപ്പ് എഴുതിയിരിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ശ്രീ. വിജയകുമാർ, അങ്ങ് എഴുതിയ വിയോജനക്കുറിപ്പിലോ നമ്മൾ അടങ്ങുന്ന സബ്ജക്ററ്

LIBRARY ARCHIVES Kerala Legislative Assembly

കമ്മിററിയിലോ ശൃംഗേരിമഠത്തിലെ ശങ്കരാചാര്യരെ വയ്ക്കുന്നതിനെ എതിർത്തിട്ടില്ല എന്നത് അങ്ങ് ഓർക്കുമോ?

ശ്രീ. എം. വിജയകുമാർ: അത് വളരെ വിചിത്രമായിരിക്കുന്നു. സർ, അപ്പോൾ ശ്രീ. തിരുവഞ്ചൂർ കമ്മിററിയിൽ അല്ലേ ഇരുന്നത്? അന്ന് കമ്മിററിയിൽ ഇരുന്നെങ്കിൽ മനസ്സിലാകും. വളരെ വ്യക്തമായി ശ്രീ. മമ്മുമാസ്ററാണ് ക്രിസ്ററ്യൻ റെയ്സ് ചെയ്തത്. പ്രൊഫ. മീനാക്ഷി തമ്പാനാണ് രണ്ടാമത് സപ്പോർട്ട് ചെയ്തത്. ഞങ്ങൾ യുനാനിമസ് ആയിട്ട് പറഞ്ഞ കാര്യമാണ്. ശ്രീ. മാണിസാർ ഒരു കേസ് നേരത്തെ വാദിച്ചു. അദ്ദേഹം കേസ് വാദിച്ചപ്പോൾ ഗവൺമെൻറിന്റെ പുറത്തുവന്ന ആരോപണം നിഷേധിച്ചു. നിഷേധിച്ചതെന്താണെന്നുപോലും ആർക്കും ബോധ്യമാകുന്നില്ല. മാത്രമല്ല ശ്രീ. ജേക്കബിനെതിരായിട്ട് വ്യക്തമായ ആരോപണം ഉന്നയിച്ചിരിക്കുകയാണ്. എന്നിട്ട് അദ്ദേഹം കൈയും കൊടുത്ത് ഇങ്ങനെയിരിക്കുകയാ. അത് അംഗീകരിച്ചു എന്നുള്ള തല്ലേ?

## VIII. നിയമ നിർമ്മാണകാര്യം—(ചർച്ച തുടർച്ച)

മി. സ്പീക്കർ: ബില്ലിലേക്കു വരണം.

ശ്രീ. എം. വിജയകുമാർ: സർ, നിയമമന്ത്രി ഈ കേസിന് മുമ്പ് വേറൊരു കേസ് വാദിച്ചു. അതിന്റെ കാര്യമാണ് പറയുന്നത്. അതൊക്കെ കുളമായികിടക്കുകയാ ഇവിടെ. അതൊന്നും തീരുമാനിച്ചിട്ടില്ല. അദ്ദേഹത്തിന്റെ മേലുള്ള ആരോപണം നിഷേധിച്ചിട്ട് അദ്ദേഹം ശ്രീ. ജേക്കബിന് എതിരായിട്ട് വളരെ വ്യക്തമായിട്ട്, ആധികാരികമായിട്ട് ഇവിടെ ആരോപണം ഉന്നയിച്ചിരിക്കുകയാണ് ഒരു മന്ത്രിപോലും, ശ്രീ. ജേക്കബ് പോലും അത് നിഷേധിക്കുന്നില്ല എന്നു പറഞ്ഞാൽ അതിന്റെ അർത്ഥമെന്താ? അതിന്റെ അർത്ഥം ഇതായിട്ടു കൂടി അംഗീകരിച്ചു എന്നുള്ള തല്ലേ? സർ, ഇതുപോലെയാണ് കേസ് വാദിക്കുക എന്നു വച്ചാൽ. നമ്മുടെ നാടിന്റെ സ്ഥിതി എന്താകും?

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ഞാൻ ആ രേഖ നോക്കി ശ്രീ. വിജയകുമാർ, എനിക്ക് എതിരായി

11 A. M.] അദ്ദേഹം ഒരു ആരോപണവും പറഞ്ഞില്ല. വെറുതെ എന്തിനാണ് ആവശ്യമില്ലാത്ത കാര്യം പറയുന്നത്?

ശ്രീ. എം. വിജയകുമാർ: പിന്നെ ആർക്ക് എതിരായിട്ടാണ് പറഞ്ഞത്, അങ്ങ് പറയുക. ശ്രീ. മാണി സാർ ആർക്ക് എതിരായിട്ടാണ് ആരോപണം ഉന്നയിച്ചത്.

ശ്രീ. എം. എം. ഹസ്സൻ: സർ, മാണി സർ പറഞ്ഞത് മാർക്സിസ്ററ് പാർട്ടിക്കെതിരായിട്ടാണ്. നിങ്ങളുടെ പാർട്ടിയിൽ ശ്രീമതി ഗൗരിയമ്മ പറയുന്ന കാര്യങ്ങളാണ് അദ്ദേഹം വ്യംഗ്യാർത്ഥത്തിൽ സൂചിപ്പിച്ചത്, "ആരാണ് അഴിമതിക്കാർ എന്ന് ജനങ്ങൾ തീരുമാനിക്കും."

ശ്രീ. എം. വിജയകുമാർ: അല്ലാതെ മുഖ്യമന്ത്രിക്കെതിരായിട്ടല്ല, അല്ല. ശ്രീ. ഹസ്സന് എന്നേ ഡോക്ടറേററ് കൊടുക്കേണ്ടതാണ്. ശ്രീ. ഹസ്സനാണ് ഇതിന്റെ വക്കാലത്ത്. നിയമ സഭയിൽ മുഖ്യമന്ത്രിയുടെ ഒന്നാം നമ്പർ വക്കാലത്ത് ശ്രീ. ഹസ്സനാണ്. ഡോ. ഹസ്സൻ, ഡോ. എം. എം. ഹസ്സൻ.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഈ നിയമസഭാ സമ്മേളനം കഴിഞ്ഞാൽ മന്ത്രിസഭാ പുനഃസംഘടനയുണ്ട്. അതിന്റെ ഒരു കാൽവയ്പാണ് ശ്രീ. ഹസ്സന്റെ ഈ നിയമസഭയിലുള്ള പ്രകടനം എന്ന് അങ്ങേ അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly